**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭ 2012-13 - വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ എന്ന പ്രോജക്റ്റിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.1055/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം,16/04/2018

പരാമർശം :- (1) നഗരകാര്യ ഡയറക്ടറുടെ 18.01.2016 ലെ ഡി.സി.4-18392/15 നമ്പർ കത്ത്.

(2) നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയുടെ 27.11.2017 ലെ പി.ഒ./435/13 നമ്പർ കത്ത്.

**ഉത്തരവ്**

നെയ്യാറ്റിൻകര നഗരസഭയുടെ 2012-13 സാമ്പത്തിക വർഷത്തെ "വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ" എന്ന 99,000/- രൂപയുടെ പ്രൊജക്റ്റിന് ഡി.പി.സി. അംഗീകാരം ലഭിച്ചതിൻപ്രകാരം 2 പേർക്ക് 43,243/- രൂപ നിരക്കിൽ 86486/- രൂപയ്ക്ക് രണ്ട് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ആയത് 2 ഭിന്നശേഷിക്കാർക്ക് നൽകുകയും, ചെയ്തു.എന്നാൽ കാഴ്ചശക്തിയില്ലാത്ത ഭിന്നശേഷിക്കാർക്കു നൽകേണ്ട കമ്പ്യൂട്ടർ കാഴ്ചശക്തിയുള്ള ഭിന്നശേഷിക്കാർക്കാണ് നൽകിയിട്ടുള്ളതെന്നും, സംസ്ഥാന ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് (കമ്പ്യൂട്ടർ) സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(2) ടി പ്രൊജക്റ്റിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, 14.12.2012 ലെ കൗൺസിൽ പ്രോജക്റ്റിന് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടെന്നും, ഭിന്നശേഷിക്കാരായ നിഷ.എസ്.യു., ജയകുമാർ എന്നിവർക്കാണ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടുള്ളതെന്നും, കെൽട്രോൺ നൽകിയ ഇൻവോയിസ് പ്രകാരം 2 ഗുണഭോക്താക്കൾക്കേ ആനുകൂല്യം നൽകുവാൻ കഴിയുമായിരുന്നുള്ളൂ എന്നും, ഇൻവോയിസ് അംഗീകരിക്കുന്നതിന് 04.03.2013 ലെ ക്ഷേമകാര്യ കമ്മിറ്റി ശിപാർശ ചെയ്യുകയും 15.03.2017 ലെ സാധാരണ കൗൺസിൽ 6::ാം നമ്പർ തീരുമാനമായി പാസാക്കുകയും ചെയ്തതായും, മാർച്ച് 31 ന് മുമ്പ് പദ്ധതി നടപ്പിലാക്കുന്നതിനും നഗരസഭയുടെ ഫണ്ട് ലാപ്സാകാതിരിക്കാനും സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കുവാൻ സമയം ലഭിക്കാതെ വന്നതിനാലുമാണ് പദ്ധതി നടപ്പിലാക്കേണ്ടി വന്നതെന്ന് നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2012-2013 സാമ്പത്തിക വർഷം ഡി.പി.സി. അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകിയത് ഭിന്നശേഷിക്കാർക്കായതിനാൽ, മേലിൽ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സബ്സിഡി

നൽകുന്ന പദ്ധതികൾ നടപ്പിലാക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, നെയ്യാറ്റിൻകര നഗരസഭ 2012-13 സാമ്പത്തിക വർഷം "വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ" എന്ന പദ്ധതി നടപ്പിലാക്കിയതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ